# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1139/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 26/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1139/2023 തീയ്യതി: 26/12/2023

## ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-01-2023 മുതൽ 24-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2023 | 30-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2023 | 30-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിമോൻ വി. ജി. ഓഡിറ്റ് ഓഫീസർ
മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ആർ സാമുവൽ രാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോമോൻ ഫ്രാൻസീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷൈൻ റ്റി ജെ | പ്രസിഡന്റ് | 01-04-2022 | 17-07-2022 |
| ശ്രീമതി ഉമാമഹേശ്വരി (വൈസ് പ്രസിഡന്റ്) | പ്രസിഡന്റ് | 18-07-2022 | 01-08-2022 |
| ശ്രീ ലിജിൻ വർഗീസ് | പ്രസിഡന്റ് | 02-08-2022 | 31-03-2023 |
| ശ്രീ റംഷാദ് എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീത മധു | കൃഷി ഓഫീസർ | 01-04-2022 | 25-04-2022 |
| ശ്രീമതി പ്രിയാ പീറ്റർ | കൃഷി ഓഫീസർ | 26-04-2022 | 25-07-2022 |
| ശ്രീമതി ബിനിറ്റാ കെ എൻ | കൃഷി ഓഫീസർ | 26-07-2022 | 31-03-2023 |
| ഡോ. ആർ മുതൽരാജ് | വെറ്ററിനറി സർജൻ | 01-04-2022 | 09-02-2023 |
| ഡോ അനീഷ് കെ എൻ | വെറ്ററിനറി സർജൻ | 10-02-2023 | 31-03-2023 |
| ഡോ അതുല്യാ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ, ആരോഗ്യം | 01-04-2022 | 31-03-2023 |
| ഡോ രമ്യാ എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 16-05-2022 |
| | | 13-12-2022 | 31-03-2023 |
| ഡോ മീരാദേവി ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 17-05-2022 | 08-10-2022 |
| ഡോ നീതു വർഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 09-10-2022 | 12-12-2022 |
| ശ്രീ അർജ്ജുൻ മോഹൻ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 14-10-2022 |
| ശ്രീ അജിത്കുമാർ എം എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15-10-2022 | 31-03-2023 |
| ശ്രീമതി ബ്രിജിത് പി ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 02-11-2022 |
| ശ്രീമതി ഷൈലജ വി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-11-2022 | 20-12-2022 |

| | | | |
|---|---|---|---|
| ശ്രീമതി കാവ്യശ്രീ കെ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-12-2022 | 31-03-2023 |
| ശ്രീ എ സുൽത്താൻ ഇബ്രാഹിം | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ അബ്ദുൾ സമദ് പി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 03-08-2023 |
| ശ്രീ. അരുൺ ആർ.ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 04-08-2022 | 31-03-2023 |
| ശ്രീ. ഗോപാലകൃഷ്ണൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 11-11-2022 |
| ശ്രീ. സജി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 12-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-4 |
| 6 | നിർവഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വാ**ർ**ഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയി**ൽ** ആവശ്യമായ രജിസ്റ്ററുക**ൾ** സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഗ്രാന്റ് വിനിയോഗം | 1-3 |
| 13 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) വിനിയോഗത്തിലെ പിഴവ്-ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 19.23 ലക്ഷം രൂപ | 1-3-1 |
| 14 | പദ്ധതി അവലോകനം. | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 19 | ബാങ്ക് അക്കൌണ്ടുമായി ബന്ധപ്പെട്ട അപാകങ്ങ**ൾ** | 1-9 |
| 20 | വസ്തു നികുതി പരിഷ്കരണം -ഫ്യുവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല | 1-9-1 |
| 21 | തനത് വിഭവ സമാഹരണം-അവലോകനം | 1-10 |
| 22 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നി**ർ**ണയിച്ചു | 1-11 |
| 23 | വസ്തു നികുതി- ഉപയോഗക്രമം, വിസ്തൃതി എന്നിവ പരിഗണിക്കാതെ നികുതി നിർണയിച്ചു | 1-12 |
| 24 | വാടക കുടിശ്ശിക കണക്കുകളിൽ അവ്യക്തത- ഡിമാന്റ് രജിസ്റ്ററും അപൂർണം | 1-13 |
| 25 | FACTEOS ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങ**ൾ** | 1-14 |

| | | |
|---|---|---|
| 26 | അനധികൃത നിർമ്മാണം പൊളിച്ചുനീക്കൽ - ചെലവ് തുക ഈടാക്കിയില്ല | 1-15 |
| 27 | പൂപ്പാറ ടൗണിൽ തോട് കൈയ്യേറി അനധികൃത നിർമ്മാണം | 1-16 |
| 28 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-17 |
| 29 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല | 1-18 |
| 30 | ടാറിംഗ് പ്രവൃത്തികൾ -ഈടാക്കിയ കാലിവീപ്പവില യഥാവിധി ക്രമീകരിച്ചില്ല | 1-19-1 |
| 31 | അനർട്ടിൽ നിന്നും തിരികെ ലഭിച്ച തുക സർക്കാർ ഫണ്ടിലേക്ക് ക്രമീകരിച്ചില്ല | 1-19-2 |
| 32 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രോജക്റ്റ് പൂർത്തിയായില്ല | 1-20 |
| 33 | മരാമത്ത് പ്രവൃത്തികൾ - തെറ്റായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുത്തതു വഴി അധിക തുക നൽകി | 1-21 |
| 34 | സ്റ്റീൽ പ്രവൃത്തികൾക്ക് തുക അധികം നൽകി | 1-22 |
| 35 | ഐറിഷ് ഓട നിർമാണ പ്രവൃത്തിക്ക് അധികം തുക നൽകി | 1-23 |
| 36 | കുടുംബാരോഗ്യ കേന്ദ്രത്തിന് വാങ്ങിയ ജനറേറ്റർ എട്ടു മാസങ്ങൾക്കിപ്പുറവും സ്ഥാപിച്ചിട്ടില്ല | 1-24 |
| 37 | അതിദരിദ്രർക്ക് മൈക്രോപ്ളാൻ - വീട് മെയിന്റനൻസ്- പണി പൂർത്തിയാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല | 1-25 |
| 38 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-26 |
| 39 | മാലിന്യം നീക്കം ചെയ്യൽ-പൂർണ്ണവിവരങ്ങൾ ലഭ്യമല്ല | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെറ്റായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുത്തതു വഴി അധിക തുക നൽകി | 3-1 |
| 2 | സ്റ്റീൽ പ്രവൃത്തികൾക്ക് തുക അധികം നൽകി | 3-2 |
| 3 | ഐറിഷ് ഓട നിർമാണ പ്രവൃത്തിക്ക് അധികം തുക നൽകി | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണ സമിതിയുടെ 30.06.2023ലെ 2(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 30.06.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ശാന്തമ്പാറ ഗ്രാമപ്പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡി1ച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡി1റ്റ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ശാന്തമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
തീയതി : 26.12.2023

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-) 5027746/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9300802/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ട താണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-4 പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല

തൻവർഷം ഡിസംബർ മാസം മുതലുള്ള പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രികകൾ കൃത്യമായി

തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോടെ സൂക്ഷിച്ചിട്ടില്ല.

1-1-5 നിർവഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

എ) തൻവർഷം പ്രോജക്കുകൾക്കായി നിർവഹണ ഏജൻസികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ ധനകാര്യപത്രികയിലെ ബി 18 പട്ടികയിൽ ഉൾപ്പെടുത്തിയില്ല. നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയതുകൊണ്ടാണ് ഈ അപാകത സംഭവിച്ചത്.

| ക്രമ നം | പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക ₹ | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 76/23 | എസ്.സി. കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് | 217800 | ANERT |
| 2 | 84/23 | എസ്.റ്റി. കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് | 163350 | ANERT |

ബി) ഓണം മുൻകൂറിനത്തിൽ രജിസ്റ്റർ പ്രകാരം ക്രമീകരിക്കാൻ ശേഷിച്ചിരുന്നത് ₹4000/- മാത്രമാണ്. പ്രസ്തുത തുക നടപ്പ സാമ്പത്തിക വർഷം തിരികെ ക്രമീകരിച്ചിട്ടുമുണ്ട്. എന്നാൽ ധനകാര്യപത്രിക പ്രകാരം പ്രസ്തുത തുക ₹16000/- ആണ്.

1-1-6 ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വാടക ഡിമാന്റ് രജിസ്റ്ററുകളിൽ നിർണയിച്ചിട്ടുള്ള അന്തിമ തുകകൾ (ഡിമാന്റ് -പിരിവ്- കുടിശ്ശിക തുകകൾ) ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യപത്രികയിൽ കുടിശ്ശികയൊന്നും രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ ₹2,30,793/- പിരിച്ചെടുക്കാൻ ശേഷിക്കുന്നു. ആകയാൽ വിവിധ വരവിനങ്ങളുടെ അന്തിമ തുകകളുടെ ആധികാരികത വ്യക്തമല്ല.

1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വായ്പ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല. നിക്ഷേപ രജിസ്റ്ററിൽ അന്തിമ തുകകൾ നിർണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-8 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2023-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്.

## 1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം&എക്സ്പെൻഡീച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം ജേർണ്ണൽ വൌച്ചർ പ്രകാരം വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | I/തീ. 20.03.2022 |
| ഭരണസമിതിയിൽ അവതരണം | I(1)/തീ. 24.03.2022 |
| ഭരണസമിതി അംഗീകാരം | I(1)/തീ. 25.03.2022 |
| ബജറ്റ് പുതുക്കൽ | 2/തീ. 01.02.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 29184038 |
| വരവ് | 193005000 |
| ആകെ | 222189038 |
| ചെലവ് | 208438000 |
| നീക്കിയിരിപ്പ് | 13751038 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല.

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം സാധ്യമാക്കുന്നതിനും ബജറ്റ് സഹായകമാകേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| തൊഴിൽ നികുതി | 1500000 | 938970 |
| വാടക | 3100000 | 1363769 |
| ലേലം , വിൽപനകൾ | 120000 | 690554 |
| പലിശ വരവുകൾ | 1500000 | 490599 |
| എസ്റ്റാ. ചെലവുകൾ | 2360000 | 12387520 |
| ഭരണച്ചെലവുകൾ | 7300000 | 1875712 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 13900000 | 2657043 |

ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻ ബാക്കി ₹ | തൻ വർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 17556000 | 17556000 | 16705373 | - |
| വികസനഫണ്ട് – എസ്.സി.പി. | | 11369000 | 11369000 | 10532577 | - |
| വികസനഫണ്ട് – റ്റി.സി.പി. | | 1224000 | 1224000 | 1066226 | - |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)* | 2107844 | 4599097 | 6706941 | 2822867 | 3884074 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)** | 192406 | 3053000 + 151981 (Int) | 3397387 | 1819723 | 1577664 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് (PHC) | 00 | 236447 + 2472 (Int) | 238919 | 00 | 238919 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് (Infrastructure) | 00 | 110000 + 1230(int) | 111230 | 107361 | 3869 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 13549000 | 13549000 | 12169655 | - |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | | 6707000 | 6707000 | 3441710 | - |
| ഐ.സി.ഡി.എസ്. | 141010 | 566194 | 848214 | 101573 | 605631 |
| സമ്പൂർണ്ണ ശുചിത്വം | 1344276 | 28325 | 1372601 | 732631 | 639970 |
| ആയുർവ്വേദ വകുപ്പ് | 873 | 00 | 873 | 00 | 873 |
| ശാന്തൻപാറ ഗവ. കോളേജ് ബിൽഡിംഗ് ഫണ്ട് | 1718000 | 00 | 1718000 | 1692103 | 25897 |
| LIFE State Share + Loan | 300000 | 2794825 | 3094825 | 1206272 | 1888553 |
| വാതിൽപ്പടി സേവനം | 00 | 10500 | 10500 | 10000 | 500 |

* , ** ILGMS /AFS പ്രകാരമുള്ള കണക്കുകൾ.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസിൽനിന്ന കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2258995 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1182600 |

| | | |
|---|---|---|
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 760516 |
| വികസന ഫണ്ട്-ടി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 436743 |

2) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ.വികസന ഫണ്ട്-ജനറൽ, എസ്.സി.പി., ടി.എസ്.പി.)

3) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

5) 2021-22 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied And Untied Funds) ഇനത്തിലെ നീക്കിയിരിപ്പ് യഥാക്രമം ₹1390431/- ഉം ₹892/- ഉം ആണ്. അവയുടെ തൻവർഷ വരവ് ചെലവുകൾ മേൽ പട്ടികയിൽ *, ** ചിഹ്നങ്ങൾ നൽകി നിർണയിച്ചിട്ടുള്ളത് കാണുക. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകൾ , സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് എന്നിവ ILGMS-ൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CFC (UNTIED GRANT) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 892 | 3053000 | 3053892 | 1819671 | 1234221 |
| ILGMS പ്രകാരം | 192406 | 3053000 (പലിശയുൾപ്പടെ 3204981) | 3397387 | 1819723 | 1577664 |
| CFC (TIED GRANT) | | | | | |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 1390431 | 4597000 | 5969431 | 3564702 | 2404729 |
| ILGMS പ്രകാരം | 2107844 | 4599097 | 6706941 | 2822867 | 3884074 |

പി.എഫ്.എം.എസ്. പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം.

1-3-1 മെയിന്റനൻസ് ഫണ്ട് (റോഡിതരം) വിനിയോഗത്തിലെ പിഴവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 19.23 ലക്ഷം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി

ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ ചെയ്ത് ലഭ്യമാകുന്നത്. ആയതിനാൽ തൻവർഷം ഷോർട്ട് ഫോളായി ₹1923890/- നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ബാക്കി (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ( ₹) | ഷോർട്ട് ഫോൾ ഇനത്തിൽ 2024-25-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 6707000 | 3441710 | 3265290 | 51.31 | 1341400 | 1923890 |

ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്ന വസ്തുതയല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 182 | 201562622 | 132 | 64176772 | 50 | 72.5 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 03 | 03 | 3279572 | 3279440 |
| വെറ്ററിനനറി സർജൻ | 06 | 05 | 2618400 | 1489000 |
| MO(FHC) | 09 | 08 | 2754693 | 2189996 |
| MO(ISM) | 01 | 01 | 500000 | 500000 |
| ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 02 | 02 | 381600 | 38417 |
| VEO | 23 | 18 | 128953320 | 17669703 |
| ICDS SUPERVISER | 10 | 05 | 6092512 | 3595676 |
| ഗ്രാമപഞ്ചായത്ത് Secretary | 34 | 25 | 10810288 | 7530739 |
| AE,LID & EW | 85 | 56 | 42112587 | 25504381 |
| DFI | 01 | 01 | 1000000 | 600000 |

| | | | | |
|---|---|---|---|---|
| Headmaster GLPS | 01 | 01 | 100000 | 20000 |
| Asst. Secretary | 09 | 07 | 2959650 | 1759420 |
| ആകെ | 182 | 132 | 201562622 | 64176772 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 13.01.2022, 02.06.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 05.06.2022 മുതൽ 08.06.2022 വരെ |
| വികസന സെമിനാർ | 17.06.2022 |
| ഭരണാനുമതി | I(1)/ തീ. 20.06.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 677/2022/DPC/DPO/IDK തീ. 06.03.2023 |

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- ഏറ്റെടുത്ത 182 പ്രോജക്ടുകളിൽ 132 എണ്ണമാണ് നടപ്പാക്കാൻ കഴിഞ്ഞത്.
- വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് റോഡ് എന്നീ ഗ്രാന്റുകളുടെ നിശ്ചിത ശതമാനം ചെലവഴിക്കാൻ കഴിഞ്ഞെങ്കിലും ആസ്തി പരിപാലന ഗ്രാന്റ് റോഡിതര വിഭാഗം യഥാവിധി ചെലവഴിക്കാൻ കഴിയാതിരുന്നതിനാൽ 19 ലക്ഷം രൂപ ഷോർട്ട് ഫോളിനത്തിൽ നഷ്ടമായി.
- കാർഷിക-മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിൽ ഗണ്യമായ തുക ചെലവഴിക്കാനായത് മികച്ച നേട്ടമായി വിലയിരുത്തുന്നു.
- അസി. എൻജിനിയർ നടപ്പാക്കിയ പ്രോജക്ടുകളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു വഴി അധികച്ചെലവുണ്ടായി.
- ലൈഫ് ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം കരാറനുസരിച്ച് ഗൃഹ നിർമാണം പൂർത്തീകരിച്ചിട്ടില്ല.
- സുരക്ഷിതമായ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കുടുംബാരോഗ്യകേന്ദ്രത്തിന് വാങ്ങിയ ജനറേറ്റർ സ്ഥാപിക്കാൻ കഴിഞ്ഞില്ല.
- ലെഗസി വേസ്റ്റ് ക്ലീൻകേരള കമ്പനിക്ക് നൽകിയതിന്റെ ആധികാരികത ഉറപ്പാക്കുന്നതിനുള്ള പൂർണമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 763 | 775849 + 1111 (Int) | 777723 | 775849 | 1874 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 26159886 | 26159886 | 26159886 | 00 |

## 1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2022-23 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 30400 | 3 |
| വിധവാ പെൻഷൻ | 9804800 | 891 |
| വാർദ്ധക്യകാല പെൻഷൻ | 16306000 | 1558 |
| വികലാംഗ പെൻഷൻ | 2089600 | 179 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 38400 | 3 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |
| തൊഴിൽ രഹിത വേതനം | 720 | 01 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6973/- (ആറായിരത്തി തൊള്ളായിരത്തി എഴുപത്തിമൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിമൂന്നംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന അനുസരിച്ച് സെക്രട്ടറി, അസി. സെക്രട്ടറി, ഹെഡ് ക്ലർക്ക്, ഹെഡ് അക്കൗണ്ടന്റ്, 3 സീനിയർക്ലാർക്ക്, 3 ക്ലാർക്ക്, 2 ഓഫീസ് അറ്റന്റന്റ്, ഡ്രൈവർ, ഫുൾ ടൈം സ്വീപ്പർ, പാർട് ടൈം സ്വീപ്പർ, പാർട് ടൈം ലൈബ്രേറിയൻ എന്നിവരും കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട, ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്റ്റ് അസിസ്റ്റന്റ്, ആംബുലൻസ് ഡ്രൈവർ, മാലിന്യം ശേഖരിക്കുന്ന പിക്ക്-അപ്പ് ലോറി ഡ്രൈവർ എന്നിവരും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. (ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് 11.10.2023- ലെ 12/2023 നമ്പർ ഉത്തരവ് പ്രകാരം).
2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി

സമഗ്രമാക്കിയിട്ടില്ല. നിക്ഷേപ രജിസ്റ്ററിൽ അന്തിമ തുകകൾ നിർണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നിലനിർത്തിയതായും കാണുന്നു. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3. അതത് മാസങ്ങളിലെ വരവ് – ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2022 ഡിസംബർ മുതൽ 2023 ഫെബ്രുവരി വരെ നടത്തിയിട്ടില്ല. ILGMS നിലവിലുള്ളതിനാൽ വൗച്ചറുകൾ പ്രത്യേകം പകർപ്പെടുത്ത് സൂക്ഷിക്കേണ്ടതില്ലായെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം മുൻനിർത്തി ഡിസംബർ മുതലുള്ള വൗച്ചറുകൾക്ക് ക്രമനമ്പരുകൾ നൽകി ഉപ വൗച്ചറുകളും അനുബന്ധ രേഖകളും സഹിതം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്. ILGMS- ൽ രേഖകൾ പൂർണമായി അപ് ലോഡ് ചെയ്യാത്തതിനാൽ കണക്കുകളുടെ കൃത്യത സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.

5. തനതു വരുമാനം സമയബന്ധിതമായി പിരിച്ചെടുക്കുവാൻ ശ്രമം നടന്നിട്ടുണ്ട്. എന്നാൽ വാടക കുടിശ്ശിക കണക്കുകളിൽ അവ്യക്തതയുണ്ട്. ധനകാര്യപത്രിക പ്രകാരം കുടിശ്ശികയില്ലെങ്കിലും രജിസ്റ്റർ പ്രകാരം രണ്ടു ലക്ഷത്തിലധികം കുടിശ്ശികയാണ്.

6. വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നു. ലോഗ് ബുക്കിൽ യാത്രയുടെ വിവരങ്ങൾ, അവയുടെ സാക്ഷ്യപ്പെടുത്തൽ, ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തിയിട്ടുണ്ട്.

7. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

8. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.

9. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവ് പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ റോഡിതര ആസ്തി പരിപാലന ചെലവിലെ കുറവ് 19 ലക്ഷത്തിലധികം രൂപ നഷ്ടപ്പെടാനുള്ള സാധ്യതയ്ക്ക് കാരണമായി.

10. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദു ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 ബാങ്ക് അക്കൌണ്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ

1) ഇ - പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യുടെ രാജകുമാരി ശാഖയിൽ (IFSC: SBIN0070453) ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത് (അക്കൗണ്ട് നം.36885099721). 30.09.2023 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ ₹1,014,072.00/- നീക്കിബാക്കിയുണ്ട്. ഇതിൽ ₹500000/- പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനായി ആയുഷിൽ നിന്ന് ലഭിച്ച ധനസഹായമാണ്. പലിശ രഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അവശേഷിക്കുന്ന തുകയിൽ ഗ്രാന്റ് ഒഴികെയുള്ളത് പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഇ - പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ ആയുഷിൽ നിന്നും ലഭിച്ച തുക സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി തുകകൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യുടെ രാജകുമാരി ശാഖയിൽ (IFSC: SBIN0070453)ആരംഭിച്ച കറന്റ് അക്കൗണ്ടിലാണ് (A/c. No: 36885099721) ആയുഷിൽ നിന്നും ആശുപത്രി നിർമ്മാണത്തിനായി ലഭിച്ച ₹500000/- സൂക്ഷിക്കുന്നത്. പ്രത്യേക ഉദ്ദേശ്യങ്ങൾ മുൻനിർത്തി സർക്കാർ അനുവദിച്ച ഗ്രാന്റ് പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. ദേശസാത്കൃത ബാങ്കിൽ പ്രത്യേക അക്കൗണ്ട് ആരംഭിച്ച് അതിൽ സൂക്ഷിച്ച് വിനിയോഗം നിയന്ത്രിക്കേണ്ടതും പ്രോജക്റ്റ് പൂർത്തീകരണ ശേഷം പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്. അധികൃതരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-9-1 വസ്തു നികുതി പരിഷ്കരണം -ഫ്യുവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല

ശാന്തൻപാറ ഗ്രാമപഞ്ചായത്തിലെ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 11.05.2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി ഭാഗം 3(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. 2023ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023 ലെ സ.ഉ. (അച്ചടി) 25/2023/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ

നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ ഉൾപ്പെട്ടിട്ടില്ല. ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്ക് നിശ്ചയിക്കുന്ന വിഷയം ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

1-10 തനത് വിഭവ സമാഹരണം-അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി ശാന്തൻപാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ, പെർമിറ്റ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് തനത് വരവ് വർദ്ധനവിനുള്ള സാധ്യതകൾ വിലയിരുത്തിയതായി മിനിറ്റ്സ് രേഖകളിലെ രേഖപ്പെടുത്തലുകളിൽ കാണുന്നു.

റവന്യൂ വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്

ഭരണ സമിതി യോഗങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ്, രേഖ സൂക്ഷിപ്പ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) വസ്തുനികുതി -നികുതി പരിഷ്കരണ നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ. (എംഎസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന്

പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ.(പി) 25/2023 നമ്പർ ഉത്തരവ് പ്രകാരവും, ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 11.05.2023- ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 3(1)). ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനവും (11.05.2023 ലെ നമ്പർ എസ്.സി 3 /1687/23) 15.06.2023 ൽ ചേർന്ന യോഗത്തിലെ 1(1) തീരുമാനപ്രകാരം 15.06.2023-ൽ അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചു. കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തദനുസരണം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ബി) തൊഴിൽ നികുതി

തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥമായ ജീവനക്കാരുള്ള സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ കുറവാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 64 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ കാര്യമായ വർദ്ധനവിന് സാധ്യത കുറവാണ്.

സി) ലൈസൻസ് ഫീസുകൾ

വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെങ്കിലും. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. 2022-23 വർഷത്തിൽ 134 സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെങ്കിലും ഒട്ടനവധി സ്ഥാപനങ്ങൾ ഇനിയും ലൈസൻസ് എടുക്കാൻ അവശേഷിക്കുന്നുണ്ട്. ഹരിത കർമ്മസേന പോർട്ടലിലെ വിവരങ്ങൾ പ്രകാരം 331 സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നുണ്ട്. ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും പ്രാദേശിക പരിശോധനയുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

ഡി) വാടക, കുത്തകാവകാശം

വാടക ഗ്രാമപഞ്ചായത്തിന്റെ ഒരു പ്രധാന വരുമാന സ്രോതസ്സാണെങ്കിലും വാടക ഇനത്തിൽ വൻ തുക കുടിശ്ശിക അവശേഷിക്കുന്നു. വാടക രജിസ്റ്ററിലെ ഡി.സി.ബി. രേഖപ്പെടുത്തൽ പ്രകാരം 230793 രൂപയുടെ

കുടിശ്ശിക അവശേഷിക്കുന്നു. വാടക ഇനത്തിലെ അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-1-11 ൽ ചേർത്തിട്ടുണ്ട്.

ഇ) രേഖകളുടെ സൂക്ഷിപ്പ്

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ് വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെത്തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരികതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-11 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു

സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച വസ്തുനികുതി രേഖകൾ പരിശോധിച്ചതിൽ, തറ വിസ്തീർണ്ണം 100 M2 അധികരിക്കുന്ന വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുത്തി ₹50/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള അത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-ആണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം |
|---|---|---|---|
| 1 | 4/39 | രാമനാഥൻ ചെട്ട്യാർ, മൂലത്തുറ, പൂപ്പാറ പി.ഒ. | 123 ച.മീ. |
| 2 | 4/72 | രാധിക എസ് സി എസ്, മൂലത്തുറ, പൂപ്പാറ പി.ഒ. | 164 ച.മീ. |
| 3 | 4/89 | ശിവകുമാർ പി. മൂലത്തുറ, പൂപ്പാറ പി.ഒ. | 106.96 ച.മീ. |
| 4 | 4/121 | കാളിമുത്തു, മൂലത്തുറ, പൂപ്പാറ പി.ഒ. | 114.5 ച.മീ. |
| 5 | 4/142 | ശങ്കരപാണ്ഡ്യൻ, മൂലത്തുറ, പൂപ്പാറ പി.ഒ. | 107.73 ച.മീ. |
| 6 | 4/161 | അന്ന പൂർണി, മൂലത്തുറ, പൂപ്പാറ പി.ഒ. | 120 ച.മീ. |
| 7 | 4/206 | ആർ. രാമസ്വാമി, കോരമ്പാറ, പൂപ്പാറ പി.ഒ. | 112.24 ച.മീ. |
| 8 | 4/235 | കാമരാജ് ആർ, കോരമ്പറ, പൂപ്പാറ പി.ഒ. | 120.32 ച.മീ. |
| 9 | 4/237 | തമിഴ് ശെൽവി, കോരംപാറ, പൂപ്പാറ പി.ഒ. | 132.99 + 58.27 = 191.26 ച.മീ. |
| 10 | 11/25/1 | അജി ജോസഫ്, ചുണ്ടൻകുഴിയിൽ വീട്, മുരിക്കുംതൊട്ടി | 126 ച.മീ. |
| 11 | 6/457 | ദിവിൻ പൊന്നപ്പൻ, പാറേച്ചിറയിൽ, പേത്തൊട്ടി | 75.6 + 50.6 = 126.2 ച.മീ. |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 01/തീ26.10.2023) ലഭ്യമാക്കിയ മറുപടിയിൽ, നികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കുന്നതാണെന്നും ഡാറ്റാ

ബേസിൽ മാറ്റം വരുത്തുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

### 1-12 വസ്തു നികുതി- ഉപയോഗക്രമം, വിസ്തൃതി എന്നിവ പരിഗണിക്കാതെ നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ 2021-22 സാമ്പത്തികവർഷം ശ്രീമതി. ബിന്ദു വർഗ്ഗീസ് എന്ന വ്യക്തിക്ക് പാർപ്പിടാവശ്യത്തിന് 124.28 ച.മീ. കെട്ടിടം നിർമ്മിക്കുന്നതിന് പെർമ്മിറ്റ് അനുവദിക്കുകയും (നം.B2-BA(250685)/2021/തീ.25.10.2021), 05/12/2022-ലെ എസ് സി3-3827/22 നമ്പർ ഉത്തരവ് പ്രകാരം കെട്ടിടത്തിന് 13/487 എന്ന നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കംപ്ളീഷൻ പ്ളാൻ പ്രകാരം 99.40 ച മീ നിർമ്മാണം പൂർത്തികരിച്ചിരുന്നെങ്കിലും പാർപ്പിടാവശ്യം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നത് 67.23 ചതുരശ്ര മീറ്ററിന് മാത്രമാണ്. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം 10.10.2023-ലെ അപേക്ഷ പ്രകാരം ശ്രീ ഷിഹാബ് എൻ.എസ്. എന്ന വ്യക്തിയുടെ പേരിലേക്ക് മാറ്റിയിട്ടുണ്ട്. ഓഡിറ്റിനോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 27.10.2023-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത കെട്ടിടം ക്ലൗഡി ഹിൽസ് എന്ന പേരിൽ ഹോംസ്റ്റേ / റിസോർട്ട് എന്ന ആവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്ന് കാണുകയുണ്ടായി. പെർമിറ്റ് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് (16.08.2021 ലെ 537/21 നമ്പർ സർട്ടിഫിക്കറ്റ്) അനുസരിച്ച്, പൂപ്പാറ വില്ലേജിലെ സർവെ നമ്പർ 80/1-24-2- ൽ പ്പെട്ട പ്രസ്തുത സൈറ്റ് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം, കൃഷി ചെയ്യുന്നതിനും വീട് വെച്ച് താമസിക്കുന്നതിനും മാത്രം അനുവദിച്ച ഭൂമിയിൽപ്പെട്ട വസ്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടത്തിന്റെ സമീപത്തായി ശ്രീ. ഷിഹാബ് എൻ.എസ്., ശ്രീ. സിയാദ് എൻ.എസ്. എന്നിവർക്കും 25.10.2022 ലെ BA(250683)/2021, BA(250681)/2021 എന്ന നമ്പറുകളിൽ പെർമ്മിറ്റ് അനുവദിച്ചിരുന്നു. ഇവ പ്രകാരവും സമാന രീതിയിൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളതായി കാണുന്നു. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 07/27.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗക്രമം പെർമിറ്റ് അനുവദിച്ചതിൽ നിന്ന് വ്യത്യസ്ഥമായതിനാലും, അനധികൃതമായാലും നിർമിച്ച വിസ്തൃതിക്ക് ആനുപാതികമായി കരം ചുമത്തപ്പെടാത്തിനാലും പ്രസ്തുത കെട്ടിടത്തിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235AA വകുപ്പ് പ്രകാരം പുനർ നികുതിനിർണയം നടത്തേണ്ടതും തുടർനടപടികൾ / വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

### 1-13 വാടക കുടിശ്ശിക കണക്കുകളിൽ അവ്യക്തത- ഡിമാന്റ് രജിസ്റ്ററും അപൂർണം

തൻവർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യ പത്രികയുടെ B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ കുടിശികയൊന്നും ഇല്ലാത്തതാണ്. എന്നാൽ വാടക രജിസ്റ്ററിലെ ഡി.സി.ബി. രേഖപ്പെടുത്തൽ പ്രകാരം 230793/- രൂപയുടെ കുടിശ്ശിക അവശേഷിക്കുന്നു. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണവുമല്ല. കുടിശ്ശിക തുകകളുടെ വിശദാംശങ്ങളും, അത് ഈടാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 11/28.10.2023) മറുപടി ലഭ്യമാക്കിയില്ല. വസ്തുതാ വിരുദ്ധമായ കണക്കുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതിനും, രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കുടിശിക കണക്കുകൾ കൃത്യമായി നിർണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 FACTEOS ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് തൻവർഷം ശ്രീ. ജോസഫ് സേവ്യർ കരിങ്ങാട്ടിൽ എന്ന വ്യക്തിക്ക് ക്വാറി നടത്തുന്നതിന് ലൈസൻസ് അനുവദിച്ചതുമായി (Sc2-570/2022-6/തീ.01.04.2022) ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 25.03.2019-ലെ R17 IDU-CTO-VARIA-5578535 നമ്പർ കൺസെന്റ് പ്രകാരം ക്വാറിയുടെ മൂലധന നിക്ഷേപം 280 ലക്ഷം രൂപയാണ്. 2 കോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപം ഉള്ള സേവന മേഖലയിൽ വരുന്ന സംരംഭമായതിനാൽ പ്രസ്തുത വ്യവസായ പ്രവർത്തനം മീഡിയം എന്റർപ്രൈസസ് എന്ന വിഭാഗത്തിൽപ്പെടുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 7-ന കീഴിലുള്ള 2-ാം പട്ടികയിലെ ക്രമ നം. 4 പ്രകാരം 10000 രൂപ വരെ ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണെങ്കിലും 24.03.2022-ലെ 1210104132 നമ്പർ രസീത് പ്രകാരം 5000 രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്.

ക്വാറി നടത്തുന്നത് റവന്യൂ ഭൂമിയിൽ ആണെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.03.2010 ലെ No.78327/RC3/09/LSGD സർക്കുലർ അനുബന്ധം 1 പ്രകാരം 1957 ലെ ഭൂസംരക്ഷണ നിയമപ്രകാരമുള്ള റവന്യൂ വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഡയറക്ടർ, മൈനിംഗ് അൻഡ് ജിയോളജി വകുപ്പിന്റെ 27.04.2012 ലെ No.70/2012-2013/3483/M3/2012 നടപടിക്രമം പ്രകാരം ക്വാറി പ്രവർത്തിക്കുന്നത് റവന്യൂ ഭൂമിയിൽ ആണെങ്കിലും റവന്യൂ വകുപ്പിന്റെ അനുമതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/26.10.2023) സമർപ്പിച്ച മറുപടിയിൽ ക്വാറി പ്രവർത്തനം അവസാനിപ്പിച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ലൈസൻസ്

അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും ചട്ടപ്രകാരമുള്ള ഫീസാണ് ഈടാക്കുന്നതെന്നും ഉറപ്പ് വരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-15 അനധികൃത നിർമ്മാണം പൊളിച്ചുനീക്കൽ - ചെലവ് തുക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ പൂപ്പാറ ടൗണിൽ പന്നിയാർപ്പുഴയുടെ തീരത്ത് ശ്രീ. ബിജു പുത്തൻപുരയിൽ, ശ്രീ. താഷ്കന്റ് തലക്കുളം എന്നിവരുടെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ചുനീക്കുന്നതിനായി തനതു ഫണ്ടിൽ നിന്ന് ₹5500/- (ചെക്ക് നം. 10148/തീ. 28-12-2022) ചെലവഴിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235(W) പ്രകാരം അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ പൊളിച്ചുനീക്കുന്നതിനുള്ള ചെലവ് ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ അപ്രകാരം തുകയൊന്നും വരവു വന്നിട്ടില്ല. പ്രസ്തുത നിർമാണം ഒഴിപ്പിക്കുന്നതിന് ജെ.സി.ബി. അടക്കമുള്ള സന്നാഹങ്ങളോടെ നടപടി ആരംഭിച്ചുവെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ലായെന്നും അത് നീക്കം ചെയ്യാൻ നിലവിൽ നടപടികൾ സ്വീകരിച്ചു വരികയാണെന്നും സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലെ തുടർ നടപടികളുടെയും, ചെലവ് തുക ഈടാക്കിയതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 1-16 പൂപ്പാറ ടൗണിൽ തോട് കൈയ്യേറി അനധികൃത നിർമ്മാണം

1994-ലെ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 220 ബി, 2019-ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ ലംഘിച്ച് പൂപ്പാറ ടൌണിൽ പുതിയ പാലത്തിനു സമീപം തോട് പുറമ്പോക്കിൽ ശ്രീ. അജി ജോസഫ്, ചുണ്ടൻകുഴിയിൽ എന്ന വ്യക്തി നടത്തിയ അനധികൃത നിർമ്മാണം (നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് റോളിംഗ് ഷട്ടർ സ്ഥാപിച്ച്, 06 കടമുറകളായി വിഭജിച്ച്, ജി.ഐ. സ്ട്രക്ച്ചർ മുഖേന രണ്ടാം നില നിർമിച്ച് ഒരു കടമുറിയും ഹോട്ടലും സജ്ജീകരിച്ചു. ആകെ വിസ്തീർണം 200ച.മീറ്ററിലധികം) ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത് നിർത്തിവെയ്ക്കുവാൻ ആവശ്യപ്പെട്ട് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു (14.03.2023-ലെ എസ്.സി3-724/23). ടി കത്തിന് ടിയാൻ 17.03.2023 ൽ മറുപടി നൽകിയിരുന്നു. കോടതി വ്യവഹാരമൊന്നും നിലവിലില്ലാതിരിക്കെ ഈ വിഷയത്തിൽ 1994-ലെ പഞ്ചായത്ത് രാജ് നിയമം, 235-ാം വകുപ്പിലും, അതിന്റെ ഉപവകുപ്പുകളിലും അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. പിന്നീട് പൂപ്പാറ വില്ലേജ് ഓഫീസർ അനധികൃത നിർമ്മാണം സംബന്ധിച്ച് അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി (19.10.2023-ലെ കത്ത് നമ്പർ 96/2023). തദനുസരണം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 20.10.2023-ലെ എസ്.സി. 3-3299/2023 നമ്പർ കത്ത് പ്രകാരം അനധികൃത നിർമ്മാണം 15 ദിവസ്സത്തിനകം പൊളിച്ച് നീക്കുവാൻ ആവശ്യപ്പെട്ട് ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികളുടെ പുരോഗതി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-17 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽനിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം, ഹാൾ-ഓഡിറ്റോറിയം വാടക നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2017-18 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

| ഇനം | തുക സ്വീകരിച്ച സാമ്പത്തിക വർഷം |
|---|---|
| വിതരണക്കരാറുകാരുടെ നിരതദ്രവ്യം | 2017-18 |
| വിതരണക്കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം | 2017-18 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 2017-18 |
| കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം | 2017-18 |
| കരാറുകാരുടെ റീടെൻഷൻ | 2017-18 |
| കരാറുകാരുടെ നിരതദ്രവ്യം | 2017-18 |
| ലേല നിക്ഷേപം | 2017-18 |
| ഹാൾ-ഓഡിറ്റോറിയം വാടക നിക്ഷേപം | 2018-19 |
| മറ്റു നിക്ഷേപങ്ങൾ | 2018-19 |

2020 മാർച്ച് 31-നു മുൻപ് നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-18 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. നിക്ഷേപ രജിസ്റ്റർ പ്രകാരം പ്രസ്തുതയിനത്തിൽ ₹46000/- നീക്കിയിരിപ്പുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തെരഞ്ഞെടുപ്പു ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്തു ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ നിശ്ചിത ശതമാനം വോട്ടു നേടിയവർ ഇലക്ഷൻ നിക്ഷേപമായി ഒടുക്കിയ തുകകളുടെ മൂന്നു വർഷ കാലാവധി നടപ്പു സാമ്പത്തികവർഷം പൂർത്തീകരിക്കുകയും അവകാശം ഉന്നയിക്കാതെ ശേഷിക്കുകയും ചെയ്യുന്നപക്ഷം അവയും സാമ്പത്തിക വർഷാവസാനം പഞ്ചായത്തു ഫണ്ടിലേക്ക് ക്രമീകരിക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

1-19-1 ടാറിംഗ് പ്രവൃത്തികൾ -ഈടാക്കിയ കാലിവീപ്പവില യഥാവിധി ക്രമീകരിച്ചില്ല

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ. (പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച്, (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക.) കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. തൻവർഷം നടപ്പാക്കിയ 10 റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയെങ്കിലും അത് ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് (രാജകുമാരി സബ് ട്രഷറി, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.799013000000083) നിക്ഷേപിച്ചത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. / പേര് | വകയിരുത്തിയ തുക₹/ വകയിരുത്തിയ ഫണ്ട് | ബിൽ വിവരങ്ങൾ BRN Lതീയതി തുക ₹ | ബാരൽ വിലയിനത്തിൽ വസൂലാക്കിയ തുക GST ഉൾപ്പെടെ ₹ |
|---|---|---|---|
| എസ് 107/2023 കനൽനകപ്പ് റോഡ് ടാറിംഗ് | 500000/- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 221007520101156389 8.2.23 /497895- | 8487/- |
| എസ് 127/2023 പള്ളിക്കുന്ന്-പുത്തടി റോഡ് ടാറിംഗ് | 400000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 221007520101185869 14.2.23 449876- | 4416/- |
| എസ് 127/2023 എസ്റ്റേറ്റ് പൂപ്പാറ-മുള്ളൻതണ്ട് റോഡ് ടാറിംഗ് | 300000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 221007520101185870 14.2.23 299545- | 3599/- |
| എസ് 182/2023 പള്ളിക്കുന്ന്-ഇളയൻകാട് റോഡ് ടാറിംഗ് | 400000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 221007520101185874 14.2.23 299939- | 3319/- |
| എസ് 92/2023 കോരമ്പാറ കോവിൽ റോഡ് ടാറിംഗ് | 500000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 221007520101191291 15.2.23 -497749/- | 4218/- |
| എസ് 181/2023 പള്ളുക്കുന്ന്-സേനാപതി റോഡ് ടാറിംഗ് | 500000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 2210075201060128296 1 3.3.23 -497466/- | 4777/- |
| എസ് 132/2023 ശാന്തൻപാറ-സേനാപതി കണക്ട് റോഡ് ടാറിംഗ് | 300000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 221007520106012829 64 3.3.23 -283182/- | 2810/- |
| എസ് 165/2023 തൊട്ടിക്കാനം-നെല്ലിക്കാത്തടം റോഡ് ടാറിംഗ് | 1000000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 221007520106013728 02 16.3.23 -494668/- | 4192/- |
| എസ് 99/2023 പൂപ്പാറ -പൂഞ്ചോലയിൽ റോഡ് ടാറിംഗ് | 500000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 221007520106015389 86 28.3.23 -483419/- | 4496/- |
| എസ് 125/2023 ആനയിറങ്കൽ-തോണ്ടിമല റോഡ് ടാറിംഗ് | 3000000 /- ആസ്തി പരിപാലന ഗ്രാന്റ് (റോഡ്), | 221007520106013903 43 17.3.23 -483419/- | 21146/- |

| | | | |
|---|---|---|---|
| | ജില്ല പഞ്ചായത്ത് വിഹിതം | | |
| ആകെ | | | 61460 |

ബാരൽ വില = ₹238/-

ബാധകമായ GST = (238 X 18% ) =₹43 /-

ആകെ മൂല്യം = 238 + 43 = ₹281 /-

സർക്കാരിലേക്ക് ക്രമീകരിക്കേണ്ട തുക- ₹61460/-

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.04/തീ. 26.10.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാരിലേക്ക് ഒടുക്കേണ്ട തുക ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ബാരൽ വില 3054-911-Deduct Recoveries Of Overpayments -ലേക്കും GSTഅതിന്റെ കണക്ക ശീർഷകത്തിലും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-19-2 അനർട്ടിൽ നിന്നും തിരികെ ലഭിച്ച തുക സർക്കാർ ഫണ്ടിലേക്ക് ക്രമീകരിച്ചില്ല

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി | |
| പ്രോജക്ടിന്റെ പേര് / നമ്പർ | എസ്.സി. കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ് 76/23) | എസ്.ടി. കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ് 84/23) |
| ചെലവ് , ഫണ്ട് | ₹217800/- (വികസന ഫണ്ട് എസ്.സി.പി. ) | ₹163350/- (വികസനഫണ്ട് ടി.എസ്.പി.) |
| ബിൽ റഫറൻസ് നമ്പർ/തീയതി | 22100752014101521895/28.3.23 | 22100752014101258025/27.2.23 |

പ്രസ്തുത പ്രൊജക്ടുകളുടെ നിർവഹണത്തിനായി അനർട്ടിന്റെ (ANERT) ഇടുക്കി ജില്ലാ ഓഫീസിന് പട്ടിക പ്രകാരമുള്ള തുകകൾ കൈമാറിയിരുന്നു. പദ്ധതി പൂർത്തീകരിച്ചതിനു ശേഷം രണ്ടു പ്രൊജക്ടുകളിലുമായി യഥാക്രമം ₹4400/-, ₹3300/- ഉൾപ്പടെ ₹7700/- നിർവഹണ ഏജൻസി തനതുഫണ്ട് അക്കൗണ്ടിലേക്ക് (137912803000016) 16.10.23-ൽ തിരികെ ലഭ്യമാക്കി. സാമ്പത്തികവർഷം അവസാനിച്ചശേഷം തിരികെ ഒടുക്കുന്ന വികസനഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ (ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി) 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 കാണുക) പ്രസ്തുത തുക “3604-00-911- അധികച്ചെലവ് വസൂലാക്കലുകൾ” എന്ന കണക്ക ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രോജക്ട് പൂർത്തിയായില്ല

അസി. സെക്രട്ടറി നടപ്പാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജ്കട് പ്രകാരം (നം. എസ് 080/23) കുമാരി. സുമിത്ര രവി എന്ന വിദ്യാർത്ഥിനിയ്ക്ക് ₹125000/- (BRN നം 2210075201410125 8020/27.2.23 (₹50000/-), BRN നം. 2210075201410139 4409 /18.3.23 (₹75000/-) അനുവദിച്ചിട്ടുണ്ട്. പഠനമുറിയുടെ നിർമാണം നിലവിൽ പൂർത്തിയായിട്ടില്ലെന്ന് ഫയലുകളിൽ നിന്നും വ്യക്തമായി. പഠനമുറി നിർമാണം പൂർത്തിയാക്കിയ ശേഷം വിശദമായ മൂല്യനിർണയ രേഖകളും സഞ്ചയ ഡേറ്റാബേസിൽ കെട്ടിടത്തിന്റെ നികുതി പുനർനിർണയിച്ചത് സംബന്ധിച്ച രേഖകളും സഹിതം (നികുതി ഒഴിവു ലഭിക്കുന്നുവെങ്കിൽ കെട്ടിടത്തിന്റെ വിസ്തീർണ കണക്കുകൾ പുതുക്കി) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-21 മരാമത്ത് പ്രവൃത്തികൾ - തെറ്റായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുത്തതു വഴി അധിക തുക നൽകി

| പ്രോജക്ട് നമ്പർ 115/23 , 3 സെന്റ് കോളനി റോഡ് സംരക്ഷണഭിത്തി നിർമാണം | |
|---|---|
| അടങ്കൽ | ₹1000000/- ( വികസന ഫണ്ട് -എസ്.സി.പി) |
| കോണ്ട്രാക്ടർ | ശ്രീ സാജു. റ്റി. എസ്. |
| കരാർ ഉടമ്പടി നമ്പർ | 21/AE/LSGD/SPRA/I22-23 DT 27/1/2023 |
| എം. ബുക്ക് നമ്പർ | E-MBook |
| ബിൽ നമ്പർ | 2210075201060113 6989 തി: 04/02/2023, ₹880665/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

3 സെന്റ് കോളനി റോഡ് കോൺക്രീറ്റ് ചെയ്ത് സൈഡ് വാൾ നിർമിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. ഇതിൽ ഇനം നം. 1.004 പ്രകാരം 20 മീറ്റർ നീളത്തിലും 0.20 സെ.മീറ്റർ വീതിയിലും 1.40 മീറ്റർ ഉയരത്തിലും സൈഡ് വാൾ പണിയുന്നതിനായി (4.80 Cum) 2018 ലെ PRICE ൽ 13.1.1.1 (Providing And Laying Reinforced Cement Concrete In Superstructure As Per Drawing And Technical Specifications Clauses 800, 1205.4 And 1205.5 I. R.C.C Grade M 20. Height From 5m To 10 M) സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത് –(₹10220.15/cum). ഇത് 5 മീറ്റർ മുതൽ 10 മീറ്റർ വരെ ഉയരത്തിൽ ചെയ്യുന്ന സൈഡ് വാളിന് നൽകുന്ന നിരക്കാണ്. 1.40 മീറ്റർ ഉയരത്തിൽ മാത്രം ചെയ്തിരിക്കുന്ന ഈ പ്രവൃത്തിക്ക് Substructure ന്റെ 12.5.1.1 (Plain/reinforced Cement Concrete In Substructure Complete As Per Drawings And Technical Specification Clauses 802, 804, 805, 806, 807, 1202 Ans 1204 For Height Upto 5 M) എന്ന സ്പെസിഫിക്കേഷന്റെ നിരക്കാണ് നൽകേണ്ടിയിരുന്നത് (₹8308.68 /Cum). കൃത്യമായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുത്ത് പ്രവൃത്തി ചെയ്യാത്തത് മൂലം കരാറുകാരന് തുക അധികം നൽകിയിട്ടുണ്ട്. വിശദമായ വിവരം ചുവടെ ചേർക്കുന്നു.

| നൽകിയ തുക ₹<br>13.1.1.1<br>Superstructure | നൽകാവുന്ന തുക ₹<br>12.5.1.1<br>Substructure | അധികം നൽകിയ തുക₹ |
|---|---|---|

| | | |
|---|---|---|
| 4.80 Cum X10220<br>=49056 | 4.80 Cum X8308.68<br>=39881.66 | 9174.34<br>+(18% GST) = 1651.38<br>=10826/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം3/26.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹10826/- ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

1-22 സ്റ്റീൽ പ്രവൃത്തികൾക്ക് തുക അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന എസ്റ്റേറ്റ് പൂപ്പാറ അങ്കണവാടി റൂഫിംഗ് എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട എല്ലായിനം സ്റ്റീൽ പ്രവൃത്തികളും (1162.035 കിലോ ഗ്രാം) 10.16.1 –(Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting, Fixing Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete) എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതായി അളവ് ബുക്കിൽ രേഖപ്പെടുത്തി ഇനം 1.002 പ്രകാരം ₹122124.52/- അനുവദിച്ചിട്ടുണ്ട്. എന്നാൽ ആകെയുള്ള 1162.035 കിലോ ഗ്രാം സ്റ്റീൽ പ്രവൃത്തിയിൽ 407.781 കിലോ ഗ്രാം സ്റ്റെയർ കേസിനായുള്ള പ്രവൃത്തികളാണ്. സ്റ്റെയർ കേസ് നിർമിക്കുന്നതിന് നൽകാവുന്നത് PRICE ലെ Code 10.25.1 പ്രകാരമുള്ള നിരക്കാണ്. (Steel Work Welded In Built Up Sections/framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required.In Stringers, Treads,landings Etc. Of Stair Cases, Including Use Of Chequered Plate Wherever Required, Allcomplete).

തെറ്റായ നിരക്ക് അനുവദിച്ചതിലൂടെ കരാറുകാരന് തുക അധികം നൽകാനിടയായി. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ച തുക (DAR Code 10.16.1 പ്രകാരം) | അനുവദിക്കാവുന്ന തുക (DAR Code 10.25.1 പ്രകാരം) | അധികം നൽകിയത് |
|---|---|---|---|
| പ്രോജക്റ്റ് - SO120/23<br>എസ്റ്റേറ്റ് പൂപ്പാറ അങ്കണവാടി റൂഫിംഗ്<br>₹ 500000/-ഫണ്ട്- വികസന ഫണ്ട് (റോഡിതരം)<br>കരാർ-11/AE/LSGD/22-23/ 27.12.2022<br>ബിൽറഫറൻസ് നം.22100752010601223082 / 22.2.2023<br>തുക ₹362323/- | 62264.08<br>(407.781 Kg X 152.69/kg | 46356.54<br>(407.781 Kg X 113.68/kg | 15907.54+<br>2863.35 (18% GST)<br>=18771 |

| | | | |
|---|---|---|---|
| അളവ് പുസ്തകം -E Mbook<br>കരാറുകാരൻ- ശ്രീ. അനീഷ് കുമാർ കെ.എസ്.<br>കോസ്റ്റ് ഇൻഡക്സ് 39.83% (DAR 2018) | | | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം5 / 26.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹18771/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

1-23 ഐറിഷ് ഓട നിർമാണ പ്രവൃത്തിക്ക് അധികം തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള ഐറിഷ് ഓട നിർമാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Irish Drain നിർമിക്കുന്നതിന് 2018-ലെ MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4course Aggregate) Laid To Required Slope And Camber In Panels (@3m C/c) As Required Including Compaction, Finishing And Tamping Etc. Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc. Complete As Per Specification).

ഇത് സൈഡ് ഷട്ടറിംഗ് നൽകുന്നതിന് ഉൾപ്പെടെയുള്ള നിരക്കാണ്. യഥാർത്ഥത്തിൽ Irish Drain നിർമിക്കുന്നതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1.1.A പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടിയിരുന്നത്.

നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| | 2018ലെ Price നിരക്ക് (75.8.1.1.A) |
|---|---|
| അടിസ്ഥാന നിരക്ക് | 4862.53 |
| 10% OH | 486.25 |
| ആകെ | 5348.78 |
| 10% CP | 534.88 |
| ആകെ | 5883.66 |
| കോസ്റ്റ് ഇൻഡക്സ് | 2343.46 (39.83%) |
| ആകെ നൽകാവുന്ന നിരക്ക് | 8227.12 |

| പ്രവൃത്തി | എം. ബുക്ക് പ്രകാരമുള്ള അളവ് എം3 | നൽകാവുന്ന നിരക്ക് ₹ | നൽകിയ നിരക്ക് ₹ | അധികം നൽകിയ തുക ₹ (GST 18% ഉൾപ്പെടെ) |
|---|---|---|---|---|
| കോറമ്പാറ കോവിൽ റോഡ് ടാറിംഗ്<br>92/22-23<br>കോൺട്രാക്ടർ – ശ്രീ. കലേഷ്കുമാർ | 18.48<br>E MBook | 8227.12 | 8565.97 | 18.48 M3@₹338.85 = ₹6261.95 + (18% GST) 1127.15 = ₹7389.10/- |

| | | | | |
|---|---|---|---|---|
| എം. ബുക്ക് നം. E MBook<br>ബിൽ റഫറൻസ് നം.22100752010601191291/ തീ. 15.2.2023<br>തുക – ₹497749/-<br>അടങ്കൽ ₹500000/- MF/Road (2018 – Price നിരക്ക്) | | | | |
| മാൻകുന്നേപ്പടി-പുത്തടി റോഡ് മെയിന്റനൻസ്<br>87/22-23<br>കോൺട്രാക്ടർ – ശ്രീ. ഷാജി.എം.എം<br>എം. ബുക്ക് നം. E MBook<br>ബിൽ റഫറൻസ് നം.22100752010601311336/ തീ. 8.3.2023<br>തുക – ₹597725/-<br>അടങ്കൽ ₹600000/- MF/Road (2018 – Price നിരക്ക്) | 20.916<br>E MBook | 8227.12 | 8567.97 | 20.916 M3@ ₹338.85 = ₹7087.38 + (18%GST) 1275.72 = ₹8363.10/- |
| പൂഞ്ചിലായി റോഡ് മെയിന്റനൻസ്<br>221/22-23<br>കോൺട്രാക്ടർ – ശ്രീ. ഷാജി.എം.എം<br>എം. ബുക്ക് നം. E MBook<br>ബിൽ റഫറൻസ് നം.22100752010601372789/ തീ. 16.3.2023<br>തുക – ₹489831/-<br>അടങ്കൽ ₹490000/- MF/Road (2018 – Price നിരക്ക്) | 47.501<br>E MBook | 8227.12 | 8565.97 | 47.501 M3@ ₹338.85 = ₹16095.71 + (18%GST) 2897.22 = ₹18992.93/- |
| തൊട്ടിക്കാനം-നെല്ലിക്കാത്തടം റോഡ് മെയിന്റനൻസ്<br>223/22-23<br>കോൺട്രാക്ടർ – ശ്രീ.ഷാജി.എം.എം<br>എം. ബുക്ക് നം. E MBook<br>ബിൽ റഫറൻസ് നം.22100752010601372802/ തീ. 16.3.2023<br>തുക – ₹494668/-<br>അടങ്കൽ ₹495000/- MF/Road (2018 – Price നിരക്ക്) | 47.970<br>E MBook | 8227.12 | 8565.97 | 47.970 M3@ ₹338.85 = ₹16254.63 + (18%GST) 2925.83 = ₹19180.46/- |
| അധികം നൽകിയത് | | | | 53925 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം6/26.10.2023)

മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹53925/- ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

1-24 കുടുംബാരോഗ്യ കേന്ദ്രത്തിന് വാങ്ങിയ ജനറേറ്റർ എട്ടു മാസങ്ങൾക്കിപ്പുറവും സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പദ്ധതി നം | എസ് 138/2023 |
| അടങ്കൽ/ചെലവ് | ₹435000/433250 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം/തീയതി | 2210075200780l255628/27-2-2023 |

ശാന്തൻപാറ എഫ്.എച്ച്.സി. - യുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഇൻവെർട്ടർ എ.സി., ജനറേറ്റർ എന്നിവ വാങ്ങുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. GEM മുഖേന KPS Innovations എന്ന സ്ഥാപനത്തിൽ നിന്നാണ് താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയത്. (ഇൻവോയിസ് നം KPS/163/22-23 തീയതി 23-2-2023).

| ഇനം | ചെലവഴിച്ച തുക |
|---|---|
| വോൾട്ടാസ് ഇൻവർട്ടർ എ.സി. | ₹49500/- |
| മഹീന്ദ്ര ജി.പി.എസ്. പവറോൾ – ഡി.ജി സെറ്റ് 10 KV ത്രീ ഫേസ് ജനറേറ്റർ | ₹ 383750/- |

GEM-ൽ നടത്തിയ ബിഡ്ഡിംഗിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 2017-ലെ ജനറൽ ഫിനാൻസ് റൂൾസ്, റൂൾ 149(2) അനുസരിച്ച്, ₹25000/- മുതൽ ₹500000/- വരെയുള്ള വാങ്ങലുകൾ COMPARISON DIRECT PURCHASE രീതി അനുവർത്തിച്ചാണ് നടത്തേണ്ടത്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്ത നിരക്കുകളുടെ താരതമ്യ പത്രിക (Comparison Statement) പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. താരതമ്യ പത്രിക ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.8/27-10-2023) നൽകിയെങ്കിലും ഹാജരാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

ഇൻസ്റ്റാൾ ചെയ്തിട്ടില്ലാത്ത നിലയിലുള്ള ജനറേറ്റർ




സ്ഥാപനത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ എ.സി. ഇൻസ്റ്റാൾ ചെയ്തതായും, ജനറേറ്റർ യഥാവിധി സ്ഥാപിക്കാതെ ആശുപത്രി വരാന്തയിൽ സൂക്ഷിച്ചിട്ടുള്ളതായും കണ്ടു. കാലപ്പഴക്കം ചെന്ന വയറിംഗ് മാറ്റി സ്ഥാപിക്കാത്തതിനാലാണ് ജനറേറ്റർ പ്രവർത്തന സജ്ജമാക്കാതിരുന്നതെന്നും സ്ഥാപനത്തിന്റെ പഴയ വയറിംഗ് മാറ്റി പുതിയ വയറിംഗ് നടത്തുന്നതിനും ചേഞ്ച്-ഓവർ സ്വിച്ചുകൾ സ്ഥാപിക്കുന്നതിനും 2023-24 വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളതായും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. 2024 ഫെബ്രുവരി 22-വരെയുള്ള ഒരു വർഷമാണ് ജനറേറ്ററിന്റെ വാറന്റി കാലാവധി. വാങ്ങിയ ആസ്തി യഥാവിധി പ്രയോജനപ്പെടുത്താത്തിനാൽ ജനറേറ്റർ വാങ്ങിയ ഇനത്തിലുള്ള ₹383750/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. അത് അവസാനിക്കുന്നതിന് മുമ്പ് വയറിംഗ് പൂർത്തിയാക്കി ജനറേറ്റർ ഇൻസ്റ്റാൾ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-25 അതിദരിദ്രർക്ക് മൈക്രോപ്ളാൻ - വീട് മെയിന്റനൻസ്- പണി പൂർത്തിയാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്റ്റ് നമ്പർ | എസ് 202/23 |
| ചെലവ് , ഫണ്ടിനം | 75000/- (വികസനഫണ്ട് ജനറൽ) |
| ബിൽ റഫറൻസ് നമ്പർ, തീയതി | 22100752012601190383 / 15.2.23 |

ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരായ ശ്രീമതി. പുഷ്പം, ശ്രീമതി. ജാനകി എൻ. എന്നീ ഗുണഭോക്താക്കൾക്ക് അതിദരിദ്രർക്ക് മൈക്രോപ്ളാൻ എന്ന പ്രോജക്ടിലൂടെ ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ₹75000/- വീതം മെയിന്റനൻസിനായി നൽകുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഫയലുകളുടെ പരിശോധനയിൽ ഫെബ്രുവരി മാസം ആദ്യ ഗഡുവായി ₹37500/- കൈപ്പറ്റിയ ശ്രീമതി. ജാനകി എൻ. നിലവിലും പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു തുക കൈപ്പറ്റിയിട്ടില്ലെന്ന് കാണുന്നു. ഭവന പുനരുദ്ധാരണം യഥാസമയം പൂർത്തിയാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10 / 27.10.23) സമർപ്പിച്ച മറുപടിയിൽ, ശ്രീമതി. ജാനകിയുടെ വീട് പുനരുദ്ധാരണത്തിന് നിലവിൽ അഡ്വാൻസായി നൽകിയ തുക മാത്രമേ ആവശ്യമായി വന്നുള്ളൂ എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. വീട് പുനരുദ്ധാരണത്തിനായി ശ്രീമതി ജാനകി സമർപ്പിച്ച അപേക്ഷയിൽ 110000 രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചത്. എന്നാൽ നിർവഹിക്കപ്പെട്ട പ്രവൃത്തിയിനങ്ങളും, പണികൾ യഥാവിധി പൂർത്തികരിച്ചതും സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഗ്രാമപഞ്ചായത്ത് LID&EW ഓവർസീയറുടെ മൂല്യനിർണയ സാക്ഷ്യപത്രത്തിലുമില്ല. ഗുണഭോക്താവ് വീട് നവീകരിക്കുന്നതിന് നടത്തിയ പ്രവൃത്തികളുടെ വിശദമായ മൂല്യനിർണയവും പൂർത്തീകരണ സാക്ഷ്യപത്രവും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അതിദരിദ്രർക്കുള്ള മൈക്രോപ്ലാനിലുൾപ്പെടുത്തി തുക അനുവദിക്കപ്പെടുന്ന വ്യക്തികളുടെ അർഹത കൃത്യമായി നിർണയിച്ച്, അവർക്ക് ആവശ്യമായ തുക പൂർണ്ണമായും ലഭ്യമാക്കി പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വീട് മെയിന്റനൻസ് പോലുള്ള പ്രവൃത്തികൾക്കായി തുക അനുവദിക്കപ്പെട്ട വ്യക്തികൾക്ക് വീണ്ടും ആനുകൂല്യം നൽകുന്നതിന് 8 വർഷം പൂർത്തിയാകേണ്ടതുള്ളതിനാൽ മതിയായ തുക അനുവദിച്ച് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1-26 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ, 2018-19 മുതൽ 2021-22 വരെ ആദ്യ ഗഡുക്കൾ

കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | ഒടുവിൽ ധനസഹായം കൈപ്പറ്റിയ തീയതി | ആദ്യ ഗഡു കൈപ്പറ്റിയ സാമ്പത്തിക വർഷം |
|---|---|---|---|---|
| 1 | അന്തോണി സ്വാമി | 350000 | 21.1.21 | 2018-19 |
| 2 | സതി രഘുനാഥ് | 200000 | 3.2.20 | ” |
| 3 | മുനിയാണ്ടി | 40000 | 17.1.19 | |
| 4 | നാരായണൻ | 360000 | 29.6.20 | ” |
| 5 | ചന്ദ്രഗണേശൻ | 360000 | 26.9.22 | ” |
| 6 | ഇറുദയരാജ് | 40000 | 21.2.19 | ” |
| 7 | വനലക്ഷ്മി | 260000 | 10.1.20 | ” |
| 8 | അനൂപ് എംഎ | 360000 | 8.2.21 | 2019-20 |
| 9 | മോഹൻ എസ് | 300000 | 12,5,20 | ” |
| 10 | മണികണ്ഠൻ | 380000 | 17.3.23 | 2020-21 |
| 11 | വള്ളിയമ്മാൾ ആർ. | 350000 | 14.2.23 | 2021-22 |
| 12 | പളനിയമ്മാൾ | 350000 | 14.2.23 | ” |
| 13 | മാരിമുത്തു | 350000 | 14.2.23 | ” |
| 14 | ഗോപാൽ S/o ചെല്ലയ്യ | 40000 | 29.10.21 | ” |
| 15 | കല W/o പളനികുമാർ | 300000 | 22.12.21 | ” |
| 16 | ആശ സുരേഷ് | 90000 | 24.3.22 | ” |
| 17 | വിനോദ് സി | 90000 | 24.3.22 | ” |
| 18 | ശശിമോൻ ജി | 290000 | 20.7.23 | ” |
| 19 | രാജൻ ഗോപി | 210000 | 15.3.23 | ” |
| 20 | ബെന്നി രാജ്ജ | 210000 | 9.3.23 | ” |

വീട് നിർമാണം പൂർത്തിയാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/തീ.27.10.23) മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ അനുസരിച്ച് പൂർത്തീകരണ കാലാവധി 06 മാസം ആയിരിക്കെ, ധനസഹായം കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് അംഗീകരിക്കാവുന്ന വസ്തുതയല്ല. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആദ്യ ഗഡുക്കൾ ദുരുപയോഗം ചെയ്തതായി കണ്ടെത്തുന്ന പക്ഷം നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 1-27 മാലിന്യം നീക്കം ചെയ്യൽ-പൂർണ്ണവിവരങ്ങൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ പുനചംക്രമണയോഗ്യമല്ലാത്ത 21,070 കി.ഗ്രാം അജൈവമാലിന്യം നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് കിലോഗ്രാമിന് ₹11.80/ നിരക്കിൽ 248626/- (ചെക്ക് നം.9493/19-10-22) നൽകിയിട്ടുണ്ട്. കമ്പനി ഹാജരാക്കിയ 11-8-2022-ലെ D23/SER22-23/251 നമ്പർ ഇൻവോയ്സിൽ ആവശ്യപ്പെട്ട തുകയാണ് അനുവദിച്ചത്. നീക്കം ചെയ്ത അജൈവമാലിന്യത്തിന്റെ കടത്ത് രേഖകളുടെ (സ്ഥാപനത്തിന്റെ അനക്സർ 2 പ്രകാരമുള്ളത്) വിവരം ചുവടെ ചേർക്കുന്നു.

| വെയ്ബ്രിഡ്ജ് രസീത് നം. / തീയതി | മാലിന്യത്തിന്റെ അളവ് |
|---|---|
| 441/25-5-22 | 4700 Kg |

| | |
|---|---|
| 443/26-5-22 | 3810 Kg |
| 434/31-5-22 | 6280 Kg |
| 442/19-5-22 | 2850 Kg |
| ആകെ | 17640 Kg |

ആകെ 21,070 കി.ഗ്രാം മാലിന്യം നീക്കം ചെയ്തതിന്റെ പ്രതിഫലമാണ് നൽകിയതെങ്കിലും ആകെ 17640 കി.ഗ്രാം മാലിന്യത്തിന്റെ മാത്രം വേയ് ബ്രിഡ്ജ് അളവു പരിശോധനാ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ശേഷിക്കുന്ന 3430 Kg അജൈവമാലിന്യം നീക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/തീ.28-10-2023) മറുപടി ലഭ്യമാക്കുയോ രേഖ ഹാജരാക്കുകയോ ചെയ്തില്ല. ബന്ധപ്പെട്ട രേഖയുടെ അഭാവത്തിൽ, 3430 Kg അജൈവ മാലിന്യം നീക്കം ചെയ്തതിനുവേണ്ടി നടത്തിയ ₹40474 (3430 X ₹11.80) ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെറ്റായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുത്തതു വഴി അധിക തുക നൽകി

3 സെന്റ് കോളനി റോഡ് കോൺക്രീറ്റ് ചെയ്ത് സൈഡ് വാൾ നിർമിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയിൽ ഇനം നം. 1.004 പ്രകാരം 20 മീറ്റർ നീളത്തിലും 0.20 സെ.മീറ്റർ വീതിയിലും 1.40 മീറ്റർ ഉയരത്തിലും സൈഡ് വാൾ നിർമ്മിക്കുന്നതിനായി (4.80 Cum) 2018 ലെ PRICE ൽ 13.1.1.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത് (₹10220.15/cum). ഇത് 5 മീറ്റർ മുതൽ 10 മീറ്റർ വരെ ഉയരത്തിൽ ചെയ്യുന്നതിനുള്ള നിരക്കാണ്. 1.40 മീറ്റർ ഉയരത്തിൽ മാത്രം ചെയ്തിരിക്കുന്ന ഈ പ്രവൃത്തിക്ക് Substructure നുള്ള 12.5.1.1 എന്ന സ്പെസിഫിക്കേഷന്റെ നിരക്കാണ് നൽകേണ്ടിയിരുന്നത് (₹8308.68 /Cum). കൃത്യമായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുത്ത് പ്രവൃത്തി ചെയ്യാത്തത് മൂലം കരാറുകാരന് ₹10826 അധികം നൽകിയിട്ടുണ്ട്. ഈ നഷ്ടം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഖ. 1-21 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-21 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. നഷ്ടമായ ₹10826 ഉത്തരവാദികളായ അസി. എൻജിനീയർ, അസി.എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9 (ബി) യിൽ

ചേർത്തിട്ടുണ്ട്.

## 3-2 സ്റ്റീൽ പ്രവൃത്തികൾക്ക് തുക അധികം നൽകി

എസ്റ്റേറ്റ് പൂപ്പാറ അങ്കണവാടി റൂഫിംഗ് എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട എല്ലായിനം സ്റ്റീൽ പ്രവൃത്തികളും (1162.035 കിലോഗ്രാം) 10.16.1 എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതായി അളവ് ബുക്കിൽ രേഖപ്പെടുത്തി ഇനം 1.002 പ്രകാരം ₹122124.52/- അനുവദിച്ചിട്ടുണ്ട്. എന്നാൽ ആകെയുള്ള 1162.035 കിലോ ഗ്രാം സ്റ്റീൽ പ്രവൃത്തിയിൽ 407.781 കിലോ ഗ്രാം സ്റ്റെയർ കേസിനായുള്ള പ്രവൃത്തികളാണ്. സ്റ്റെയർ കേസ് നിർമിക്കുന്നതിന് നൽകാവുന്നത് PRICE ലെ Code 10.25.1 പ്രകാരമുള്ള നിരക്കാണ്. തെറ്റായ നിരക്ക് അനുവദിച്ചതിലൂടെ കരാറുകാരന് ₹18771/- അധികം നൽകാനിടയായി. ഈ നഷ്ടം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഖ. 1-22 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-22 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. നഷ്ടമായ ₹18771/- ഉത്തരവാദികളായ അസി. എൻജിനീയർ, അസി.എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9 (ബി) യിൽ ചേർത്തിട്ടുണ്ട്.

## 3-3 ഐറിഷ് ഓട നിർമാണ പ്രവൃത്തിക്ക് അധികം തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ഐറിഷ് ഓട നിർമാണ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Irish Drain നിർമിക്കുന്നതിന് 2018-ലെ MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

ഇത് സൈഡ് ഷട്ടറിംഗ് നൽകുന്നതിന് ഉൾപ്പെടെയുള്ള നിരക്കാണ്. യഥാർത്ഥത്തിൽ Irish Drain നിർമിക്കുന്നതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1.1.A പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാത്തതുമൂലം ₹53925 അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഈ നഷ്ടം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഖ. 1-23 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-23 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും.

നഷ്ടമായ ₹53925 ഉത്തരവാദികളായ അസി. എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9 (ബി) യിൽ ചേർത്തിട്ടുണ്ട്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 2200000 | ലൈഫ് ഭൂരഹിതർക്ക് സ്ഥലം ജനറൽ (32/23) | 2200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2250000 | ലൈഫ് ഭൂരഹിതർക്ക് സ്ഥലം എസ്.സി. (33/23) | 2250000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | പാലിന് സബ്സിഡി (81/23) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 900000 | ലൈഫ്-എസ്.സി.1 (73/23) | 900000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 160000 | ലൈഫ്-എസ്.സി.2 (75/23) | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 340000 | ലൈഫ്- ജനറൽ-1 (74/23) | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 470000 | ലൈഫ്-ജനറൽ-2 (63/23) | 470000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | സ്വർണഭവനം (216/23) | 300000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 340000 | അതിദാരിദ്ര്യം-ഭവന നിർമാണം – ജനറൽ(204/23) | 340000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 40000 | സ്കോളർഷിപ്പ് (എസ്.സി.) (244/23) | 40000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ.നം | പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ തുക ₹ | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക ₹ | ചെലവഴിച്ച തുക ₹ | തിരികെ ലഭിച്ച തുക ₹ |
|---|---|---|---|---|---|---|---|---|
| 1 | 76/23 | എസ്.സി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് | SCP | 217800 | ANERT | 217800 | 213400 | 4400 |
| 2 | 84/23 | എസ്.റ്റി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് | TSP | 163350 | ANERT | 163350 | 160050 | 3300 |

തിരികെ ലഭിച്ച തുക പ്രോജക്റ്റുകൾ വകയിരുത്തിയ അതാത് ഹെഡുകളിൽ തിരികെ അടവാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തൻ വർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 25739999 | 1419430 | 27159429 | 3456254 | - | 23703175 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹246193 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹500000 |
| ആകെ | ₹746193 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹746193 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.I.193, നെടുങ്കണ്ടം (സർട്ടിഫിക്കറ്റ് നം.412) | 30.04.2023 | 2 വർഷം | 246193 | |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.I.193, നെടുങ്കണ്ടം (സർട്ടിഫിക്കറ്റ് നം.396) | 24.03.2023 | 1 വർഷം | 500000 | |
| ആകെ | | | | 746193 | |

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | - |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2015-16 | - |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക | | | |

| | | | ഭരണ വകുപ്പ് | | | | | | ₹ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 25 | P. A. Sathidas, Secretary, | LF.15634/ SC2/02 Dt.21.05.03 | 3211 | തുക അടവാക്കിയിട്ടില്ല | | | | | 3211 | |
| 2 | 1999-00 | 26 | P. D. Raveendran, Secretary | LF. 22159/03 Dt.24.7.04 | 26800 | തുക അടവാക്കിയിട്ടില്ല | | | | | 26800 | |
| 3 | 2001-02 | 2-6 | V. Jayaprakash | LF 14469/05 Dt.25.9.06 | 2288 | തുക ഈടാക്കിയിട്ടില്ല | | | | | 2288 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28, 32, 35, 41, | P.A. Sathidas, Secretary | LF 15634/ SP.Cell/ S.C2/02 Dt.21.5.03 | 7591 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 7591 | |
| 2 | 1998-99 | 39 | Varghese Samuel, Agri Officer | LF 15634/ SP.Cell/ S.C2/02 Dt.27.3.03 | 37430 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | CMA 118/03, Dist Court, Thodu Puzha To DD Dated 25.02.04 | | | | 37430 | |
| 3 | 1999-00 | 44 | P. D. Raveendran, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 4700 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 4700 | |
| 4 | 1999-00 | 46 | K. Vijayakumar, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 37000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 37000 | |
| 5 | 1999-00 | 43 | A. Saydu, Secretary | LF 22159/ SP.Cell/ S.C2/03 | 8000 | തുടർ നടപടികൾ സ്വീകരി | | | | | 8000 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | Dt.24.7.04 | | ച്ചിട്ടില്ല | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹31854603 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 33429471 |
| ആകെ | ₹ 65284074 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 38457217 |
| നീക്കിയിരിപ്പ് | ₹26826857 |
| കുറിപ്പ്: പഞ്ചായത്തിൻറെ 2022-23 ലെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത് | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹83522 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹424224 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് ₹ | സർചാർജ്ജ് ₹ | |
| 3-1 | | 5413<br>5413 | അരുൺ.ആർ.റ്റി., അസി.എഞ്ചിനീയർ<br>വിനയദാസ് എൻ.എ, അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 9386<br>9385 | അരുൺ.ആർ.റ്റി., അസി.എഞ്ചിനീയർ<br>വിനയദാസ് എൻ.എ., അസി.എക്സി.എഞ്ചിനീയർ |
| 3-3 | | 26963<br>26962 | അരുൺ.ആർ.റ്റി., അസി.എഞ്ചിനീയർ<br>വിനയദാസ് എൻ.എ., അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-24 | 383750 | ഡോ.അതുല്യ രവീന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |
| 1-27 | 40474 | റംഷാദ് എ., സെക്രട്ടറി |
| ആകെ | 424224 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അരുൺ ആർ.റ്റി.,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>പെരിനാട് ഗ്രാമ പഞ്ചായത്ത്,<br>കൊല്ലം | പ്രകാഷ് ഭവൻ,<br>കടപ്പ, ന്യൂ ഉദയജംഗ്ഷൻ,<br>മൈനാഗപ്പള്ളി പി.ഒ.<br>കൊല്ലം-690519 |
| ശ്രീ. വിനയദാസ് എൻ.എ.,<br>അസി.എക്സി. എഞ്ചിനീയർ (സബ് ഡിവിഷൻ) | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ,<br>ദേവികുളം ബ്ലോക്ക്പഞ്ചായത്ത് | മിത്രം,<br>പള്ളിപ്പടി, വെള്ളൂർ,<br>മേവെള്ളൂർ പി. ഒ.,<br>വൈക്കം |
| ഡോ.അതുല്യ രവീന്ദ്രൻ<br>മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | മെഡിക്കൽ ഓഫീസർ<br>(എഫ്.എച്ച്.സി.)<br>ശാന്തൻപാറ | വലയാറ്റിൽ,<br>പുതുപെരിയാരം പി.ഒ.<br>ചേറ്റൂർ |

| | | |
|---|---|---|
| ശ്രീ. റംഷാദ് എ., സെക്രട്ടറി | ശ്രീ. റംഷാദ് എ., സെക്രട്ടറി, ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | കളപ്പറമ്പിൽ വീട് മേമന, ഓച്ചിറ പി.ഒ., കൊല്ലം ജില്ല-690526 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 6 | 25, 28, 32, 35, 39, 41 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 1 | 37 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 1 | 2-6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 1 | 2-1 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 4 | 3-5, 3-7, 3-8, 3-9 |
| 2010-11 2011-12 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 6 | 2-1(ബി), 3-4, 3-7, 3-8, 3-9, 3-11 |
| 2013-14 & 2014-15 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 6 | 3-3, 3-4, 3-7, 3-11, 3-12, 3-18 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 1 | 2-1 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 2 | 3-1, 3-7 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 11 | 2-1, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-14 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.പി 4 1453/2022/ 28.09.22 (അദാലത്ത്) | 9 | 2-1, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-14 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ.-10/873/ 2021/19/11/2021 | 33 | 1-1 മുതൽ 1-20 വരെ, 3-1 മുതൽ 3-3 വരെ, 4-1 മുതൽ 4-10 വരെ |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ.-10/874/ 2021/19/11/2021 | 50 | 1-1 മുതൽ 1-33 വരെ, 2-1 മുതൽ 2-2 വരെ, 3-1 മുതൽ 3-5 വരെ, |

| | | | |
|---|---|---|---|
| | | | 4-1 മുതൽ 4-10 വരെ |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ. പി4/113/ 2023/9/3/2023 | 32 | 1-1 മുതൽ 1-21 വരെ, 4-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Santhanpara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Santhanpara Grama Panchayat for the year 2022-2023

Date: 26/12/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Santhanpara Grama Panchayat for the Year 2022-2023 .**

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non disclosure assets. Asset register is not comprehensive and upto date.

**2.Other Observations**

1) Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2) Monthly bank reconciliation statement not prepared.

3) Payment voucher misclassification. Advance allowed to implementing agencies or implementing officers

for specific purpose booked as actual expenses.

4) Demand registers does not match with financial statements.

5) Registers, viz., loan register, advance register, deposit register etc., are not maintained correctly and or does not match with financial statements.

6) Lapses in making timely and accurate demand entries in respect of tax and non -tax revenue.

7) Lack of authenticated journal vouchers for supporting the adjustments entries recorded and those recorded in prior period items.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്